പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 95 — 18/03/2013 ൽ മറുപടിക്ക്

## പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

**ചോദ്യം:**

ശ്രീ. എ. പ്രദീപ് കുമാർ

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പി.എസ്.സി മുഖേന എത്ര പേർക്ക് നിയമനം ലഭിച്ചെന്ന് വിശദമാക്കാമോ;

(ബി) പല വകുപ്പുകളിലും ഒഴിവു വന്ന തസ്തികകൾ സംബന്ധിച്ച വിവരങ്ങൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

**ഉത്തരം:**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.01.2013വരെ ആകെ 48,951 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നല്കിയിട്ടുണ്ട്.

(ബി) യും (സി)യും
ലഭ്യമായ ഒഴിവുകളും, 2013 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സിയെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ